II) മുസ്ലീം നാടാർ സമുദായങ്ങളിലെ പെൺകുട്ടികൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ വണികവൈശ്യ വിദ്യാർത്ഥിനികൾക്കും നൽകുവാൻ വേണ്ട നടപടികൾ ഉണ്ടാകണം.

III) വെട്ടിക്കുറച്ച ഉദ്യോഗ സംവരണം പുന:സ്ഥാപിക്കുക.

IV) പിന്നോക്കവിഭാഗങ്ങളെ രണ്ടായി തിരിച്ച് കൂടുതൽ പിന്നോക്കം നിൽകുന്ന മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റിയിൽ നിന്നും കൂടുതൽ സംവരണവും അവസരവും നൽകുകയും സാമ്പത്തിക പരിധി ഒഴിവാക്കുകയും ചെയ്യുക.

V) പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലും ഗവ:കമ്മിറ്റികളിലും പ്രാതിനിധ്യം നൽകണം.

VI) സഹകരണ സ്ഥാപനങ്ങളിൽ സംവരണം പാലിക്കണം.

VII) ജാതിതിരിച്ചുള്ള സെൻസസ് എടുക്കണം.

VIII) സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കണം.

(സി) മേൽ വിവരിച്ച ആവശ്യങ്ങളിൽ അതാതു വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മേൽനടപടികൾ സ്വീകരിക്കുന്നതിനായി നിവേദനത്തിന്റെ പകർപ്പ് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സഹകരണ വകുപ്പ്, ഉന്നതവിദ്യാഭ്യാസ വകുപ്പ്, ആസൂത്രണ വകുപ്പ് എന്നീ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗ സംവരണത്തിന് വിവിധ പിന്നോക്ക വിഭാഗങ്ങൾക്ക് നല്കി വരുന്ന സംവരണ അനുപാതത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്തുവാനുള്ള യാതൊരു നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിൽ ഇല്ലാത്തതിനാൽ വെട്ടിക്കുറച്ച സംവരണം പുന:സ്ഥാപിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്ന് വണിക വൈശ്യ സംഘത്തെ അറിയിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

27(765)ശ്രീമതി ആർ. ലതാദേവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ നേരിട്ടുള്ള നിയമനം നടക്കുന്നുവെന്ന് അറിയിക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിലെല്ലാം സ്ഥിരനിയമനം പി.എസ്.സി. വഴിയും താൽക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എസ്.സി.യുടെ പരിധിയിൽ ഇതുവരെയും കൊണ്ടുവന്നിട്ടില്ലാത്ത 11 പൊതുമേഖലാ സ്ഥാപനങ്ങളിലും പി.എസ്.സി. യുടെ പരിധിയിൽകൊണ്ടുവന്നിട്ടും സ്പെഷ്യൽ റൂൾസ് അംഗീകരിപ്പിക്കുവാൻ സാധിച്ചിട്ടി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാത്ത 34 സ്ഥാപനങ്ങളിലും നേരിട്ടുള്ള നിയമനം നടക്കുന്നുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) പി.എസ്.സി. യുടെ പരിധിയിൽ വരേണ്ട തസ്തികകളിലെ സ്ഥിര നിയമനങ്ങൾ പി.എസ്.സി. വഴിയും താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നടത്തുവാൻ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശം കർശനമായും പാലിക്കണമെന്ന് പൊതുമേഖലാ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വികലാംഗരുടെ നിവേദനങ്ങളിൽ സ്വീകരിച്ച നടപടി

28 (766) ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗരുടെ വിവിധ സംഘടനകൾ ഗവൺമെന്റിന് നൽകിയിട്ടുള്ള നിവേദനങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് ഏത് കാലയളവിൽ ജോലി ചെയ്ത വികലാംഗരെയാണ് സ്ഥിരപ്പെടുത്തിയതെന്നും എത്രപേരെ സ്ഥിരപ്പെടുത്തിയെന്നും വ്യക്തമാക്കുമോ;

(ഡി) 31-12-1998 വരെ ജോലി ചെയ്ത വികലാംഗരെ കൂടി സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ;

(ഇ) എങ്കിൽ എത്രയും വേഗം ഇത് സംബന്ധിച്ച തീരുമാനം എടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1) സർക്കാർ സർവ്വീസിലെ ക്ലാസ് 3,4 തസ്തികകളിലെ മൊത്തം ഒഴിവുകളുടെ മൂന്ന് ശതമാനം വികലാംഗർക്ക് സംവരണം ചെയ്തിട്ടുണ്ട്.

2) ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന എല്ലാ ഭവന നിർമ്മാണ പദ്ധതിയിലും ഒരു ശതമാനം വികലാംഗർക്ക് നീക്കി വച്ചിട്ടുണ്ട്.

3) വികലാംഗർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്. വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന തരപ്പെടുത്തുന്ന ബാങ്ക് ലോണിന് 2000 രൂപ സബ്സിഡി അനുവദിക്കുന്നു.

4) 18000 രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് സൗജന്യ വൈദ്യ സഹായം നൽകുന്നു.

5) വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി 5000 രൂപ വരെ ചികിത്സയ്ക്കായി നൽകുന്നു, പ്രതിമാസം 110 രൂപ വികലാംഗ പെൻഷൻ നൽകി വരുന്നു.

1995 ലെ കേന്ദ്ര വികലാംഗ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുവേണ്ടി ഒരു സ്റ്റേറ്റ് കമ്മീഷണറേറ്റ് പ്രവർത്തനക്ഷമമാക്കി കഴിഞ്ഞു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly